പത്രക്കുറിപ്പ്
9-2-2107

## പശുസഖി പദ്ധതിയുടെ പരിശീലന പരിപാടി:

# ധാരണാപത്രം ഒപ്പുവച്ചു

തിരുവനന്തപുരം: മൃഗസംരക്ഷണ മേഖലയിൽ കുടുംബശ്രീ നടപ്പാക്കുന്ന പുതിയ പദ്ധതി പശുസഖിയുടെ ഭാഗമായി തിരഞ്ഞെടുത്ത വനിതകൾക്കുള്ള പരിശീലന പരിപാടി 20ന് പൂക്കോട് വെറ്ററിനറി ആൻഡ് ആനിമൽ സയൻസസിൽ സംഘടിപ്പിക്കും. ഇതു സംബന്ധിച്ച ധാരണാപത്രം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ കേരള വെറ്ററിനറി ആൻഡ് സയൻസസ് യൂണിവേഴ്സിറ്റി രജിസ്ട്രാർ ജോസഫ് മാത്യു എന്നിവർ സി.കെ ശശീന്ദ്രൻ എം.എൽ.എ യുടെ സാന്നിധ്യത്തിൽ ഒപ്പു വച്ചു.

മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭകർക്ക് ഉൽപാദന വിപണന മേഖലയിൽ ആവശ്യമായ എല്ലാ പിന്തുണാ സംവിധാനങ്ങളും ലഭ്യമാക്കുന്നതിനായി രൂപീകരിച്ചതാണ് പുതിയ പദ്ധതി. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിൽ നിന്നുമായി തിരഞ്ഞെടുത്ത 50 കുടുംബശ്രീ അംഗങ്ങൾക്ക് വിവിധ മൃഗസംരക്ഷണ വരുമാനദായക പ്രവർത്തനങ്ങളുടെ ശാസ്ത്രീയത, ഫലപ്രദമായ നടത്തിപ്പ് എന്നിവ സംബന്ധിച്ച് വയനാട്ടിലെ പൂക്കോട് വെറ്ററിനറി ആൻഡ് ആനിമൽ സയൻസസിൽ പരിശീലനം പത്തു ദിവസത്തെ പരിശീലനം നൽകും. ഇടുക്കി, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ നിന്നുള്ള പട്ടികവർഗ വിഭാഗത്തിൽപെട്ട വനിതകൾക്കും കൂടാതെ അട്ടപ്പാടി പട്ടികവർഗ പ്രത്യേക പദ്ധതിയിൽ നിന്നുള്ള പത്തു പേർ ഉൾപ്പെടെ 50 പേർക്കും പരിശീലനം നൽകിയ ശേഷം ഇവിടെ പദ്ധതി ആരംഭിക്കും.

കുടുംബശ്രീ മുഖേന നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി)യിൽ ഉൾപ്പെടുത്തിയാണ് പദ്ധതി പ്രവർത്തനങ്ങൾ. 1.56 കോടി രൂപയാണ് കേന്ദ്രസർക്കാർ പദ്ധതിക്കായി അനുവദിച്ചിട്ടുള്ളത്.

സംസ്ഥാനതലത്തിൽ 600 വനിതകളെ തിരഞ്ഞെടുത്ത് മൃഗസംരക്ഷണ മേഖലയിലെ വിദഗ്ദ്ധരുടെ നേതൃത്വത്തിൽ ആവശ്യമായ പരിശീലനങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നത്. പരിശീലന പരിപാടിക്ക് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. പത്തു ദിവസം ദൈർഘ്യമുള്ള പരിശീലന പരിപാടിയിൽ കാർഷിക മൃഗസംരക്ഷണ മേഖലയിലെ വ്യത്യസ്ത വിഷയങ്ങളിൽ അതതു രംഗത്തെ വിദഗ്ദ്ധരാവും ക്ലാസുകൾ നയിക്കുക. കൂടാതെ വിജയിച്ച കർഷകരുടെ വിജയാനുഭവങ്ങൾ പങ്കുവയ്ക്കാനും ഒപ്പം കൃഷിയിടങ്ങളും ഡയറി ഫാമുകളും സന്ദർശിക്കാനുള്ള അവസരവും പരിശീലന കാലയളവിൽ ലഭിക്കും. ഇപ്രകാരം പരിശീലനം ലഭിച്ച വനിതകൾ പിന്നീട് ഫീൽഡ് തലത്തിൽ കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരായി പ്രവർത്തിക്കും.

ഫോട്ടോ: അടിക്കുറിപ്പ്- കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ കേരള വെറ്ററിനറി ആൻഡ് സയൻസസ് യൂണിവേഴ്സിറ്റി രജിസ്ട്രാർ ജോസഫ് മാത്യു എന്നിവർ ധാരണാപത്രം ഒപ്പുവയ്ക്കുന്നു ബോർഡ് ഓഫ് മാനേജ്മെന്റ് അംഗങ്ങളായ സി.കെ ശശീന്ദ്രൻ എം.എൽ.എ, ഡോ. പി സുധീർ ബാബു, ഡോ.സാബിൻ ജോർജ്, കോഴ്സ് കോ-ഓർഡിനേറ്റർ ഡോ. ഇ.എം.മുഹമ്മദ് സമീപം

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ

